വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഇല്ല.

(ബി) പ്രസക്തമല്ല.

(സി) പ്രസക്തമല്ല.

(ഡി) വികേന്ദ്രീകരണത്തിനായി കനേഡിയൻ ധനസഹായമൊന്നും സ്വീകരിച്ചിട്ടില്ല.

നീർത്തട വികസന പദ്ധതി

26(*206) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'നീർത്തട വികസന പദ്ധതി' നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഓരോ പ്രദേശത്തെയും ജലസ്രോതസ്സുകൾ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശാദംശങ്ങൾ അറിയിക്കാമോ ;

(ഇ) ഈ പദ്ധതിമൂലം സംസ്ഥാനത്തിന് എന്തൊക്കെ നേട്ടങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ) ഉണ്ട്.

(ബി) കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും നീർത്തടാധിഷ്ഠിത വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി&ഡി) കേരളത്തിലെ 44 നദികളുടെയും 1:50000 സ്കെയിലിലുള്ള "മൈക്രോ വാട്ടർഷെഡ് അറ്റ്ലസ്" കേരള സംസ്ഥാന ഭൂവിനിയോഗബോർഡ് തയ്യാറാക്കിയിട്ടുണ്ട്. (44 നദീതടങ്ങൾക്കുമായി 1752 ഉപനീർത്തടങ്ങളും ഉപനീർത്തടങ്ങൾക്ക് 4452 ചെറുനീർത്തടങ്ങളും (മൈക്രോ വാട്ടർ ഷെഡ്) ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്.)

(ഇ) പ്രകൃതി വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗത്തിനും സംരക്ഷണത്തിനും സുസ്ഥിര വികസനത്തിനും ഉല്പാദന വർദ്ധനവിനും ഉചിതമായ യൂണിറ്റെന്ന നിലയിൽ നീർത്തടം കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്ലാനിംഗ്

LIBRARY ARCHIVES Kerala Legislative Assembly

ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ കേരളത്തിന്റെ വികസനരംഗത്ത് സൃഷ്ടിച്ച പുരോഗതി സ്ഥായിയായി നിലനിർത്തുവാൻ സഹായിക്കും.

ജൈവാവശിഷ്ടങ്ങളിൽ നിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്നതിനെ സംബന്ധിച്ച പഠനം

27(*207) ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ സി. പി. ബാലൻ വൈദ്യർ :
ശ്രീ ടി കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജൈവാവശിഷ്ടങ്ങളിൽ നിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ജൈവാവശിഷ്ടങ്ങളിൽ നിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്ന കേന്ദ്രങ്ങൾ തുടങ്ങാൻ സംസ്ഥാനത്ത് ഒരു ദേശീയ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിന് കേന്ദ്ര സർക്കാർ മുൻകൈ എടുക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാരിന് സമർപ്പിച്ചുവോ ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും അനുകൂല മറുപടി ലഭിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) സംസ്ഥാനത്ത് ജൈവാവശിഷ്ടങ്ങളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യ ഇന്ന് ലഭ്യമാണോ ;

(ജി) സംസ്ഥാനത്തെ നഗരങ്ങളിലെ ജൈവാവശിഷ്ടങ്ങൾ ഉപയോഗപ്പെടുത്തി ഊർജ്ജം ഉല്പാദിപ്പിക്കുന്നതിന് ഒരു ബൃഹദ്പദ്ധതിക്ക് രൂപം നൽകുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ&ബി) പഠനം നടത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയനുസരിച്ച് ഹോസ്ദുർഗ്, തളിപ്പറമ്പ്, കോഴിക്കോട് എന്നീ താലൂക്കുകളിലെ ജൈവാവശിഷ്ട ലഭ്യതയെക്കുറിച്ച് അനർട്ട് സാദ്ധ്യതാപഠനം നടത്തിയതനുസരിച്ച് ഹോസ്ദുർഗ് താലൂക്കിൽ 7 മെഗാവാട്ടും കോഴിക്കോട് താലൂക്കിൽ 10 മെഗാവാട്ടും, തളിപ്പറമ്പ് താലൂക്കിൽ 5 മെഗാവാട്ടും വീതം വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള അധിക ജൈവാവശിഷ്ടങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly